(ബി) പ്രസ്തുത തീരുമാനം വഴി സർക്കാരിനുണ്ടായ റവന്യു നഷ്ടം എത്ര കോടി രൂപയുടേതായിരിക്കും;

(സി) പ്ലാന്റേഷൻ നികുതി ഇനത്തിൽ 2011-12 മുതൽ 2015-16 വരെ ലഭിച്ച തുകയുടെ കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) 2015-ലെ കേരള ധനകാര്യ ആക്ടിൽ 1960-ലെ കേരള തോട്ട നികുതി നിയമം ഭേദഗതി ചെയ്തുകൊണ്ട് 'വ്യക്തികൾ' എന്ന വിഭാഗത്തിനെ തോട്ട നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി&സി) വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചുവരുന്നു.

പദ്ധതി അടങ്കൽ തുക

207 (182) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം പദ്ധതി അടങ്കൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി അടങ്കൽ പ്രകാരം വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്രയാണെന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക മൊത്തം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിക്കപ്പെട്ട തുകയുടേയും പിൻവലിക്കപ്പെട്ട തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകയിരുത്തിയ തുകയും ഇതുവരെ വിനിയോഗിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം (2015-16-ൽ) 20000 കോടി രൂപയാണ് പദ്ധതി അടങ്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി അടങ്കൽ പ്രകാരം വിവിധ വകപ്പുകൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പിൻവലിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും 31-01-2016 വരെയുള്ള താല്ക്കാലിക കണക്ക് ചുവടെ ചേർക്കുന്നു:

	വകയിരുത്തിയത്	ചെലവഴിച്ചത്	ശതമാനം
ത്രിതല പഞ്ചായത്തുകൾ	3931.57	1025.17	26%
മുനിസിപ്പാലിറ്റികൾ	491.38	123.77	25%
കോർപ്പറേഷനുകൾ	377.05	88.66	24%

പിൻവലിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

	വകയിരുത്തിയത്	ചെലവഴിച്ചത്
പട്ടികജാതി വകുപ്പ്	1040.92	647.93
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	927.58	187.09

പട്ടികവർഗ്ഗ ഉപപദ്ധതി (ട്രി.എസ്.പി.)

(തുക കോടിയിൽ)

	വകയിരുത്തിയത്	ചെലവഴിച്ചത്
പട്ടികവർഗ്ഗ വികസനവകുപ്പ്	465.28	253.82
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	139.22	25.8

വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly